ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റാഫിന്റെ അപര്യാപ്തതമൂലമാണ് പണി പൂർത്തിയായിട്ടും പുതിയ കെട്ടിടം തുറന്നു പ്രവർത്തിക്കാൻ കഴിയാതിരുന്നത്. ഇപ്പോൾ പുതിയ വാർഡിലേക്കാവശ്യമായ സ്റ്റാഫിന്റെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വാർഡ് എത്രയും വേഗം തുറന്നു പ്രവർത്തിക്കുന്നതാണ്.

(സി) 6-3-1996-ലെ സർക്കാർ ഉത്തരവു പ്രകാരം മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ കിടക്കകളുടെ എണ്ണം 31 ആയി നിശ്ചയിക്കുകയും താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

തസ്തിക		എണ്ണം
അസിസ്റ്റന്റ് സർജൻ	..	2
സ്റ്റാഫ് നേഴ്സ്	..	5
ഫാർമസിസ്റ്റ്	..	1
നേഴ്സിംഗ് അസിസ്റ്റന്റ്	..	1
ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II	..	1
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II	..	2

ഓമാനൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം പണി

143 [1324] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഓമാനൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ കെട്ടിടം പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) കെട്ടിടം പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

കുഴിമണ്ണ ഹോമിയോ ആശുപത്രിക്ക് കെട്ടിടം പണിയാൻ നടപടി

144 [1325] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കുഴിമണ്ണ ഹോമിയോ ആശുപത്രിക്ക് കെട്ടിടം പണിയാൻ സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രി കെട്ടിടം പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആശുപത്രി കെട്ടിടത്തിന്റെ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുഴിമണ്ണ ഡിസ്പെൻസറിക്കുവേണ്ടി സർക്കാർ തലത്തിൽ ഭൂമി അക്വയർ ചെയ്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഡോക്ടർ ഉഷാദേവിക്ക് ലീവിനുശേഷം തുടർനിയമനം ലഭിക്കുന്നതിന് നടപടി

145 [1326] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ സീവിൽ സർജനായി ജോലി നോക്കിയിരുന്ന ഡോക്ടർ ഉഷാദേവിക്ക് ലീവിനുശേഷം ജോലിയിൽ പ്രവേശിക്കുവാൻ ഉത്തരവ് നൽകിയിട്ടില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡോക്ടർ ഉഷാദേവി 1-10-1992 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനാൽ, ടി ഡോക്ടറുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ശിക്ഷണ നടപടികൾ സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

എറണാകുളം ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ നികത്താൻ നടപടി

146 [1327] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ഇതിനായി പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly